**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 53** **28-06-2022 - ൽ മറുപടിയ്ക്ക്**

**നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നിരവധി പദ്ധതികൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഈ സർക്കാർ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും മെച്ചപ്പെട്ട രീതിയിലുള്ള പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം കൂടുതൽ ഓഡിറ്റ് ടീമുകൾ രൂപീകരിക്കുകയും ഇൻവെസ്റ്റിഗേഷൻ വിഭാഗം കൂടുതൽ ശക്തമാക്കുകയും, സൈബർ ഫോറൻസിക്, ഡാറ്റ അനാലിറ്റിക് ANPR മോണിറ്ററിങ് എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇത് കൂടാതെ ജി.എസ് .ടി നിയമത്തിനു അനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. നികുതി വെട്ടിപ്പ് തടയുന്നതിനായി പൊതുജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ട് നികുതി വെട്ടിപ്പിനെ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കാനായുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. |
| (ബി) | സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഈ രംഗത്ത് നടപ്പാക്കിയ നവീന പദ്ധതികൾ വിശദമാക്കാമോ; | (ബി) | സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ജി.എസ്.ടി നിയമത്തിൽ വരുന്ന മാറ്റത്തിനനുസരിച്ചു തത്സമയം സോഫ്റ്റ്‌വെയർ അപ്ഡേറ്റ്ചെയ്യുന്നതിലേക്കായി ജി.എസ്.ടി.എൻ വികസിപ്പിച്ച ജി.എസ്.ടി. ബാക് ഓഫീസ് |

| | | | |
|---|---|---|---|
| | | | സോഫ്റ്റ്‌വെയർ സംവിധാനം സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ നിലവിലുണ്ട്. അധിക നികുതി സമാഹരണ ത്തിനായി വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനാലിറ്റിക്സിലൂടെ ക്രോഡീകരിച്ചു അനാലിറ്റിക്കൽ ഇൻസൈറ്റ് റിപ്പോർട്ട് മുഖേന തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. വ്യാപാരികൾക്കും പൊതുജനങ്ങൾക്കും സർക്കാരിനും ഒരുപോലെ ഉപയോഗപ്രദമാകുന്ന രീതിയിൽ ടാക്സ് പെയർ റേറ്റിംഗ് കാർഡ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഗവേർണൻസിന്റെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ വിർചൽ IT കേഡർ സംവിധാനവും നിലവിലുണ്ട് . |
| (സി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | വ്യാജ ബില്ലുകൾ തടയുന്നതിനും റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനും ഓഡിറ്റ്, എൻഫോഴ്സ്മെന്റ് നടപടി എന്നിവ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | ജി.എസ്.ടി പൂർണമായും ഓൺലൈൻ അധിഷ്ഠിതമായതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. ജി.എസ്.ടി നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജുഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പഴയ നിയമ സംവിധാനങ്ങളിലുണ്ടായിരുന്ന അസ്സെസ്സ്മെന്റ് പോലുള്ള സമ്പ്രദായങ്ങൾ മാറ്റി കൂടുതൽ പ്രൊഫഷണൽ ആയ ഓഡിറ്റ് പോലുള്ള സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. ജീവനക്കാർക്ക് വേണ്ട പരിശീലനങ്ങളും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നൽകിവരുന്നുണ്ട്. ഇതുകൂടാതെ ജി.എസ്.ടി നിയമത്തിനു അനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | കേരളത്തിൽ വിൽക്കുന്ന ഓരോ വസ്തുവിനും ജി.എസ്.ടി. ബില്ല് നൽകുന്നുണ്ടെന്ന് ഉറപ്പാക്കാൻ | (ഇ) | കേരളത്തിൽ വിൽക്കുന്ന ഓരോ വസ്തുവിനും ജി.എസ്.ടി ബിൽ നൽകുന്നുണ്ടെന്ന് |

| | | | |
|---|---|---|---|
| | നടപടി സ്വീകരിക്കുമോ? | | ഉറപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. ചരക്കുകൾ ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ ബിൽ നൽകിയിട്ടുണ്ടോ എന്ന വിവരം സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പരിശോധിക്കുന്നുണ്ട്. കൂടാതെ ടെസ്റ്റ് പർച്ചേസ് നടത്തി സാധനങ്ങൾ വിൽക്കുമ്പോൾ തന്നെ ബിൽ നൽകുന്നുണ്ടോ എന്നതും വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പരിശോധിക്കുന്നുണ്ട്. ഇത് കൂടാതെ ബിൽ നല്കാതെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി പൊതു ജനങ്ങളെ കൂടി ഉൾപ്പെടുത്തി "ലക്കി ബിൽ" പോലുള്ള പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ